കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 15 | നവംബർ 30 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 ഡോ.എൻ.പി.കുമാരി സുഷമ മെമ്മോറിയൽ അവാർഡ് വിതരണം ചെയ്തു

4 കൃഷിയിടത്തിലേക്ക് കൃഷിമന്ത്രി ഉജ്ജ്വല സ്വീകരണവുമായി കർഷകർ

7 പച്ചത്തേങ്ങ സംഭരണത്തിന് കൂടുതൽ കേന്ദ്രങ്ങൾ: കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്

## നവീന ആശയങ്ങൾ സ്വീകരിച്ചുകൊണ്ട് സംസ്ഥാനത്തെ കാർഷിക സ്വയം പര്യാപ്തതയിലെത്തിക്കണം : മുഖ്യമന്ത്രി



കൃഷിയിടത്തിൽ നിന്നും ഉത്തരവിറക്കി തലശ്ശേരി കൃഷിദർശന് കൊടിയിറക്കം. ശാസ്ത്രീയ കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പാക്കണമെന്നും അതിലൂടെ സാംസ്ഥാനത്തെ കാർഷിക സ്വയം പര്യാപ്തതയിലേക്ക് എത്തിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. തലശ്ശേരി പിണറായി കൺവെൻഷൻ സെന്ററിൽ കൃഷിദർശന്റെ സമാപന സമ്മേളനം ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്ന അദ്ദേഹം.കൃഷിമന്ത്രി പി പ്രസാദിന്റെ അദ്ധ്യക്ഷതയിലായിരുന്ന 5 ദിവസം നീണ്ടു നിന്ന കൃഷിദർശൻ പരിപാടിയുടെ സമാപന സമ്മേളനം നടന്നത്.

കാർഷിക മേഖലയിലെ സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകളുടെ ഭാഗമായി വളരെ മെച്ചപ്പെട്ട പുനരുജ്ജീവനമാണ് ഈ മേഖലയിൽ ഉണ്ടായിട്ടുള്ളത്. നെൽകൃഷി ,പച്ചക്കറി കൃഷി ,നാളികേരം എന്നീ മേഖലകളിൽ നല്ല ഉത്പാദന വർദ്ധനവ് സംസ്ഥാനത്തിനു കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ സമയത്ത് നടപ്പിലാക്കിയ 51 ഇന പരിപാടിയിലൂടെ 5 ലക്ഷം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ട്ടിക്കുവാനും കഴിഞ്ഞു. 74726 കൃഷി സംഘങ്ങളിലൂടെ 29246 ഹെക്ടർ സ്ഥലത്ത് അധിക കൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 10 ലക്ഷം ന്യൂട്രീഷൻ ഗാർഡനുകൾ ലക്ഷ്യമിട്ടെങ്കിലും നാലര ലക്ഷം പൂർത്തിയാക്കുവാനേ കഴിഞ്ഞുള്ളൂ. 83333 ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്കായി 107 കോടി രൂപ സർക്കാർ ചെലവഴിക്കുകയുണ്ടായി .നെല്ലുത്പാദനം 5.5 ലക്ഷം ടണ്ണിൽ നിന്നും 7.5 ലക്ഷം ടണ്ണാക്കി ഉയർത്തുവാൻ സംസ്ഥാനത്തിന് കഴിഞ്ഞു. 2020ൽ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിചിട്ടുണ്ടായിരുന്നുവെന്നും ഉടനെ തന്നെ പുതുതായി അഞ്ച് ഇനം പച്ചക്കറികൾക്ക് കൂടി അടിസ്ഥാന വില പ്രഖാപിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. പച്ചക്കറി ഉത്പാദനം കഴിഞ്ഞ വർഷം 16.1 ലക്ഷം ടണ്ണിലെത്തിലെത്തിക്കുവാൻ കഴിഞ്ഞത് മികച്ച നേട്ടം തന്നെയാണ് .റബർ മേഖലയെ സംരക്ഷിക്കുന്നതിനായി കേരള റബർ ലിമിറ്റഡ് രൂപീകരണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഫുഡ് പാർക്കുകൾ പൂർത്തിയായി വരുന്നുണ്ട്. വയനാട് കോഫീ പാർക്ക് ,പാലക്കാട് ഫുഡ് പാർക്ക് ,ചേർത്തല ഫുഡ് പാർക്ക്,ഇടുക്കി സ്‌പൈസസ്

ചീഫ് എഡിറ്റർ - സൂരജ് എസ്.
എഡിറ്റർ - ഡോ. സരിതാ വിജയൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

പാർക്ക് എന്നിങ്ങനെ വിവിധ പാർക്കുകളാണ് അതാതു മേഖലകളിൽ വിഭാവനം ചെയ്തിരിക്കുന്നത് .തലശ്ശേരിയിൽ അടുത്ത 4 വർഷം കൊണ്ട് 100 കോടിയുടെ നിക്ഷേപ പ്രവർത്തനങ്ങൾ കാർഷിക മേഖലയിൽ നടപ്പിലാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.കാർഷിക കർമ്മ സേനകളുടെ നേതൃത്വത്തിൽ യന്ത്രവത്കരണത്തിലൂടെ നൂതന ആശയങ്ങളും സ്വീകരിച്ചുകൊണ്ട് തലശ്ശേരി ബ്ലോക്ക് കാർഷിക സ്വയം പര്യാപ്തതയിലേക്ക് എത്തണമെന്നും മുഖ്യമന്ത്രി ആഹ്വാനം ചെയ്തു

കർഷകരെ നേരിട്ട് കാണുകയും കേൾക്കുകയും ചെയ്തതിൻറെ ഫലമായി കാർഷിക മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ കണ്ടെത്തുവാനും പരിഹാര മാർഗങ്ങൾ ഉടനെ തന്നെ തീരുമാനിക്കാനും കഴിഞ്ഞതു തന്നെയാണ് കൃഷിദർശന്റെ വിജയമെന്ന് കൃഷിമന്ത്രി ശ്രീ. പി പ്രസാദ് തൻറെ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു..

5 പ്രധാന ഉത്തരവുകളാണ് തലശ്ശേരി കൃഷിദർശന്റെ ഭാഗമായി കൃഷിയിടത്തിൽ നിന്നുകൊണ്ട് പുറപ്പെടുവിക്കുവാൻ കഴിഞ്ഞത് എന്ന് മന്ത്രി സൂചിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയോജിത കൃഷി പ്രോജക്ടുകളിൽ കൃഷി ഉദ്യോഗസ്ഥരെ നിർവഹണ ഉദ്യോഗസ്ഥരായി നിയമിക്കുന്നതിനുള്ള അനുമതി നൽകി മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ്, പിണറായിയിൽ പച്ചത്തേങ്ങ സംഭരണത്തിനായി നാളികേര വികസന കോർപ്പറേഷന്റെ ഒരു സംഭരണ കേന്ദ്രം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്, പച്ചക്കറികൃഷി വികസന പദ്ധതിയിൽ അനുവദിക്കുന്ന പമ്പ് സെറ്റുകൾക്ക് 1 ഒു (മിനിമം) എന്ന നിബന്ധന ഒഴിവാക്കി കൊണ്ടുള്ള ഉത്തരവ്, തലശ്ശേരി ബ്ലോക്ക് പരിധിയിലെ ഔഷധ സസ്യ കൃഷി വ്യാപനത്തിനായി 24. 5 ലക്ഷം രൂപ അധികമായി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്, തലശ്ശേരി ബ്ലോക്ക് പരിധിയിലെ വന്യമൃഗ ശല്യത്തെ ജൈവമാർഗ്ഗത്തിൽ നിയന്ത്രിക്കുന്നതിനായി 6. 875 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് എന്നിവയാണ് അവ.

ഇതുകൂടാതെ കൃഷിയിടങ്ങളിലെ വന്യജീവീ ആക്രമണം നിയന്ത്രിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് കൃഷിയിടങ്ങളിൽ ജൈവ വേലി നിർമിക്കുന്നതിന് പ്രത്യേക പദ്ധതി ഉണ്ടാകുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.അടുത്തവർഷം മുതൽ



RKUY യിൽ ഉൾപ്പെടുത്തിസോളാർ ഫെൻസിങ് പദ്ധതിയും നടപ്പിലാക്കും. ഒരുലക്ഷം യുവജനങ്ങൾക്കുള്ള കാർഷിക പദ്ധതിയിൽ അംഗങ്ങളായ തലശ്ശേരി ബ്ലോക്കിലെ 72 കർഷകർക്ക് കൃഷിദർശൻ വേദിയിൽ വെച്ചു തന്നെ പെൻഷൻ, ഗ്രാറ്റുവിറ്റി, എന്നിവ കൃഷി മന്ത്രി വിതരണം ചെയ്തു. പച്ചത്തേങ്ങ സംഭരണത്തിൽ ജില്ലയിൽ പുതുതായി 12 കേന്ദ്രങ്ങൾ കൂടി അനുവദിച്ചതായും മന്ത്രി അറിയിച്ചു. ഗെയിൽ പൈപ്പ്ലൈൻ പദ്ധതി പ്രദേശത്ത് കൃഷിയിടങ്ങളിലേക്ക് മണ്ണിടിച്ചൽ, ബണ്ട് തകർച്ച എന്നിവ ഉണ്ടായിട്ടുള്ള കർഷകരുടെ കൃഷിയിടങ്ങൾ,ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശിച്ച് അറ്റകുറ്റപണികൾ, മറ്റുസഹായങ്ങൾ എന്നിവ ഉടൻ തന്നെ നടപ്പിലാക്കുന്നതായിരിക്കും.

ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയും കൃഷികൂട്ടങ്ങളുടെ രൂപീകരണവും ഇതിനകം തന്നെ സംസ്ഥാനത്തെ ജനത ഹൃദയത്തിൽ ഏറ്റെടുത്തു കഴിഞ്ഞതായി മന്ത്രി സൂചിപ്പിച്ചു. 10000 കൃഷിക്കൂട്ടങ്ങൾ ലക്ഷ്യമിട്ടിരുന്നിടത്ത് 25000 ത്തിലധികം കൃഷികൂട്ടങ്ങളാണ് 6 മാസത്തിനുള്ളിൽ രൂപീകൃതമായിരിക്കുന്നത്. ഉത്പാദനം - സംഭരണം - സംസ്കരണം- മൂല്യവർദ്ധനവ്- വിപണനം എന്നീ മേഖലയിലുള്ള കൃഷികൂട്ടങ്ങളുടെ പ്രവർത്തനങ്ങളും ശ്രദ്ധേയമായിട്ടുണ്ട്. തലശ്ശേരിയിലെ മാമ്പ കൃഷികൂട്ടത്തിൻറെ നേതൃത്വത്തിൽ അഞ്ചരക്കണ്ടി ബ്രാൻഡ് അരിയും, പ്രവാസി തളിർ കൃഷിക്കൂട്ടത്തിൻറെ നേതൃത്വത്തിൽ പിണറായി ബ്രാൻഡ് അരിയും ഉടൻ വിപണനത്തിനിറക്കുന്നതായിരിക്കും. അടുത്തവർഷം 70 ഹെക്ടർ നെൽകൃഷി പുതുതായി ബ്ലോക്കിൽ നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു .ഒരു കൃഷിഭവൻ ഒരു ഉത്പന്നം എന്ന രീതിയിലുള പ്രവർത്തനമാണ് കൃഷിക്കൂട്ടങ്ങളിലൂടെ ഉദ്ദേശിക്കുന്നത്. ആടുത്തവർഷം തലശ്ശേരി ബ്ലോക്കിൽ ക്ലൺ ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനും വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. കൃഷി പ്രത്യേക പാഠ്യ പദ്ധതിയാക്കുന്നതിന്റെ തീരുമാനങ്ങളും സർക്കാർ ആലോചനയിലുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക സേനകൾ രൂപീകരിക്കുമെന്നും മന്തി ആഭിപ്രായപ്പെട്ടു..കൃഷിക്കൂട്ടങ്ങളും കൃഷിഭവനുകളും കേന്ദ്രീകരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളും മറ്റു ബ്രാന്റഡ് ഉത്പന്നങ്ങളുടെയും വിപണനത്തിനായി സിയാൽ മോഡലിൽ കേരളാ അഗ്രി ബിസിനെസ്സ് കമ്പനി ഉടൻ രൂപീകരിക്കുന്നതായിരിക്കും. വിപണനം ഉൾപ്പെടെ കാർഷിക മേഖലയിലെ അടിസ്ഥാന സൌകര്യ വികസനത്തിനായി 2019 കോടി രൂപ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രെക്ച്ചർ ഫണ്ടായി സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടെന്നും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൂടി സഹായത്തോടെ ഇതു പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ കഴിയണമെന്നും മന്ത്രി പറഞ്ഞു.

നവംബർ 22 ന ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ. എ.എൻ. ഷംസീർ കാർഷിക പ്രദർശനം ഉദ്ഘാടനം ചെയ്തുകൊണ്ടായിരുന്നു കൃഷിദർശന് പിണറായി കൺവെൻഷൻ സെന്ററിൽ ആരംഭം കുറിച്ചത്.അതിനുശേഷം 5 ദിവസങ്ങളിലായി ഉദ്യോഗസ്ഥരുടെ കൃഷിയിട സന്ദർശനം, കാർഷിക സെമിനാറുകൾ, കാർഷിക അദാലത്ത്, കൃഷിമന്ത്രിയുടെ കൃഷിയിട സന്ദർശനം, തദ്ദേശ സ്വയംഭരണ മേധാവികളുമായുള്ള കൃഷിമന്ത്രിയുടെ കൂടികാഴ്ച എന്നിവ നടക്കുകയുണ്ടായി. അവസാന ദിവസം നടന്ന കർഷക അദാലത്തിൽ ഓൺലൈൻ ആയി ലഭിച്ച 36 പരാതികളും നേരിട്ട് കൃഷിദർ

ശൻ വേദിയിലെത്തിയ 8 പരാതികളും മന്ത്രി കേൾക്കുകയുണ്ടായി. ഇതിൽ 29 എണ്ണത്തിനും തീർപ്പ് കൽപ്പിക്കുകയും തുടർ അന്വേഷണങ്ങൾ ആവശ്യമായ 15 പരാതികൾക്കും അതിനുവേണ്ട നിർദ്ദേശം നല്കുകയും ചെയ്തു

ചടങ്ങിൽ മികച്ച കർഷകരെ കൃഷി മന്ത്രി ആദരിക്കുകയുണ്ടായി ധർമ്മടം ഗ്രാമപഞ്ചായത്ത് കൃഷിഭവനെ സ്മാർട്ട് കൃഷിഭവനായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി മന്ത്രി പ്രഖ്യാപിച്ചു. പഴം പച്ചക്കറി ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പുറത്ത് ഇറക്കിയ 19 ശീതീകരിച്ച വാനുകളുടെ താക്കോൽ കൈമാറ്റവും ചടങ്ങിൽ മന്ത്രി നിർവഹിക്കുകയുണ്ടായി. ചടങ്ങിൽ കണ്ണൂർ എംഎൽഎ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. പി.പി. ദിവ്യ, മുഖ്യമന്ത്രിയുടെ മണ്ഡലം പ്രതിനിധി ബാലൻ, ജില്ലാ കലക്ടർ എസ് ചന്ദ്രശേഖർ ഐ എ എസ്, തലശ്ശേരി മുൻസിപ്പൽ ചെയർപേഴ്സൺ ജമുനാ റാണി, തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സിപി അനിത, സി പി ഷൈജൻ എന്നിവർ സംസാരിച്ചു കൃഷിവകുപ്പ് സെക്രട്ടറി ഡോക്ടർ അശോക് ഐഎഎസ് ചടങ്ങിൽ സ്വാഗതവും കൃഷി ഡയറക്ടർ ജോർജ് അലക്സാണ്ടർ (i/c) നന്ദിയും രേഖപ്പെടുത്തി.

# ഡോ.എൻ.പി.കുമാരി സുഷമ മെമ്മോറിയൽ അവാർഡ് വിതരണം ചെയ്തു




കാർഷിക അധ്യയനരംഗത്തെ മികവ് പ്രോത്സാഹിപ്പിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാല ഏർപ്പെടുത്തിയിട്ടുള്ള ഡോ.എൻ.പി. കുമാരി സുഷമ മെമ്മോറിയൽ അവാർഡ്, കാർഷികോത്സവം ഗോൾഡ് മെഡൽ എന്നിവ വെള്ളായണി കാർഷിക കോളേജിൽ വെച്ച് ബഹുമാനപ്പെട്ട റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ.കെ.രാജൻ അവർകൾ വിതരണം ചെയ്തു. കോവളം നിയോജകമണ്ഡലം എം.എൽ.എ അഡ്വ. എം. വിൻസെന്റ് അധ്യക്ഷത വഹിച്ച അനുസ്മരണ യോഗത്തിൽ വെള്ളായണി കാർഷിക കോളേജിലെ ഏറ്റവും മികച്ച വിദ്യാർത്ഥിയും, വിജ്ഞാന വ്യാപന വിഷയത്തിൽ കൂടുതൽ മാർക്ക് കരസ്ഥമാക്കിയ വിദ്യാർത്ഥിയുമായ അഞ്ജലി എം.വി.ക്ക് അവാർഡ് നൽകി. വെള്ളായണി കാർഷിക കോളേജിൽ പ്രൊഫസറായിരിക്കെ അന്തരിച്ച ഡോ. എൻ.പി. കുമാരി സുഷമയുടെ സ്മരണക്കായി ഭർത്താവും റിട്ട. പ്രൊഫസറുമായ ഡോ.സി.ഭാസ്കരൻ ഏർപ്പെടുത്തിയതാണ് സമ്മാനത്തുക, ഉപഹാരം, മംഗളപത്രം എന്നിവ ഉൾപ്പെട്ട അവാർഡ്. കേരള കാർഷിക സർവ്വകലാശാലയിലെ ഏറ്റവും മികച്ച വിദ്യാർത്ഥിക്കുള്ള കാർഷികോത്സവം അവാർഡും അഞ്ജലി എം.വി.ക്ക് തന്നെ ലഭിച്ചു.

വിളയാധിഷ്ഠിത പ്രവർത്തനങ്ങൾ കൃഷിയിടാധിഷ്ഠിത പ്രവർത്തനത്തിലേക്ക്, ഫാം പ്ലാനിങ്ങിലേക്ക് കേരളം മാറാൻ തയ്യാറെടുക്കുകയാണ്. 'ഞങ്ങളും കൃഷിയിലേക്ക്' എന്ന മുദ്രവാക്യം ഉയർത്തി പിടിച്ചു കൊണ്ട് കൃഷി കൂട്ടങ്ങളിലൂടെ വിള ഉത്പാദനവും, സ്വയം പര്യാപ്തതയും മാത്രമല്ല കർഷകന് കൂടുതൽ ആദായം ലഭിക്കുന്നതിനു മൂല്യ വർധിത ഉത്പന്നങ്ങൾ കൂടി ഉത്പാദിപ്പിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് കാർഷിക സർവ്വകലാശാല നേതൃത്വം നൽകേണ്ടതുണ്ട് എന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

കല്ലിയൂർ ഗ്രാമപഞ്ചായത് പ്രസിഡന്റ് ശ്രീ .ചന്ദു കൃഷ്ണ, ദക്ഷിണ മേഖല അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് ഡോ.അനിത്.കെ.എൻ., പി.ടി.എ പ്രസിഡന്റ് ശ്രീ.സുധാകരൻ നായർ എന്നിവർ ചടങ്ങിന് ആശംസകൾ അർപ്പിച്ചു.

കാർഷിക കോളേജ് ഡീൻ ഫാക്കൽറ്റി ഡോ.റോയ് സ്റ്റീഫൻ സ്വാഗതവും, അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ.ജി. എസ്. ശ്രീദയ നന്ദിയും പറഞ്ഞു.

# കൃഷിയിടത്തിലേക്ക് കൃഷിമന്ത്രി – ഉജ്ജ്വല സ്വീകരണവുമായി കർഷകർ

കർഷകന്റെ പ്രശ്നങ്ങൾ നേരിട്ടുകണ്ടു മനസ്സിലാക്കുന്നതിന് ബഹു. കൃഷിമന്ത്രി നേരിട്ട് കൃഷിയിടത്തിലേക്കും കർഷക ഭവനങ്ങളിലേക്കും സന്ദർശനം നടത്തി. കൃഷിവകുപ്പ് ഉദ്യോഗസ്ഥർ കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൃഷി വിജ്ഞാൻ കേന്ദ്ര ഉദ്യോഗസ്ഥർ മറ്റ് കൃഷി അനുബന്ധ ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥർ എന്നിവർ കൃഷി മന്ത്രിയെ അനുഗമിച്ചു.

പിണറായി കൺവെൻഷൻ സെന്ററിൽ വച്ച് നടക്കുന്ന കൃഷിദർശൻ പരിപാടിയുമായി ബന്ധപ്പെട്ടാണ് കൃഷിയിട സന്ദർശനം.




ഓരോ പ്രദേശത്തും ഭൂപ്രകൃതിക്ക് അനുസരിച്ചുണ്ടാകുന്ന പ്രശ്നങ്ങളും കാലാവസ്ഥ വ്യതിയാനങ്ങളും വന്യമൃഗ ശല്യവും കൃഷിയെ സാരമായി ബാധിക്കുന്നതായി കർഷകർ ചൂണ്ടിക്കാട്ടി. മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളക്കെട്ടും വേനൽക്കാലത്തെ രൂക്ഷമായ വരൾച്ചയും ഉപ്പുവെള്ളം കയറുന്നതും കീട രോഗങ്ങളുടെ അനിയന്ത്രിതമായ ആക്രമണവും പ്രധാന പ്രശ്നമായി കർഷകർ ഉന്നയിച്ചു.

കർഷകർ ഉന്നയിച്ച പ്രശ്നങ്ങൾക്ക് കൃഷിയിടത്തിൽ വച്ച് തന്നെ മന്ത്രി സാധ്യമായ പരിഹാരമാർഗങ്ങൾ നിർദ്ദേശിച്ചു. ആവശ്യമായ എല്ലാ കാര്യങ്ങൾക്കും കൃഷിശാസ്ത്രജ്ഞരുടെയും കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെയും മറ്റ് വകുപ്പുകളുടെയും സഹായം ഉണ്ടാകുമെന്ന് മന്ത്രി ഉറപ്പു നൽകി.

നാളികേരത്തിന്റെ വിലയിടവ് നിയന്ത്രിക്കുന്നതിനു സർക്കാറിന്റെ ഭാഗത്തുനിന്ന് ശക്തമായ ഇടപെടലുകൾ ഉണ്ടാകും. ആവശ്യമായ സ്ഥലങ്ങളിൽ നാളികേര സംഭരണ യൂണിറ്റുകൾ ആരംഭിക്കും. രോഗ കീടബാധ നിയന്ത്രിക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കൃഷിശാസ്ത്രജ്ഞരും കൃഷിയിടത്തിൽ വച്ച് തന്നെ നൽകി.

കൃഷിക്ക് ആവശ്യമായ ഭൗതിക പശ്ചാത്തലം ഒരുക്കുന്നതിൽ സർക്കാർ എന്നും ശ്രദ്ധ പുലർത്തിയിട്ടുണ്ട്. തോടുകളും ജലസേചന സംവിധാനവും നവീകരിക്കാൻ നടപടികൾ സ്വീകരിക്കും. പരമാവധി യന്ത്രവൽക്കരണം കൃഷിയിൽ കൊണ്ടുവരാനും സ്മാം പദ്ധതി പ്രകാരം കാർഷിക യന്ത്രങ്ങൾ സബ്സിഡിയിൽ നൽകുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ആവശ്യമായ പരിശീലനം കാർഷിക



കർമ്മ സേനകൾക്ക് നൽകും. കൃഷിക്കാരെ സഹായിക്കുന്നതിനായി പ്രാഥമിക കാർഷിക കോപ്പറേറ്റീവ് സൊസൈറ്റികളുടെ സേവനം ശക്തിപ്പെടുത്താൻ ഗവൺമെന്റ് ഇടപെടലുകൾ നടത്തിവരുന്നു. വില തകർച്ച നേരിടുന്ന നാണ്യവിളകൾക്ക് വില സ്ഥിരത ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നതിനായി പ്രത്യേക പ്രോത്സാഹനം നൽകും. തലശ്ശേരി കാർഷിക ബ്ലോക്കിൽ 9 പഞ്ചായത്തുകളിൽ ആയി നടന്ന കൃഷിയിട സന്ദർശനത്തിൽ ബഹു. മന്ത്രി അറിയിച്ചു.

കൃഷിയിട സന്ദർശനത്തിൽ കൃഷിവകുപ്പ് അഡീഷണൽ സെക്രട്ടറി സാബിർ ഹുസൈൻ, മുഖ്യമന്ത്രിയുടെ മണ്ഡലം പ്രതിനിധി ശ്രീ. പി ബാലൻ, കൃഷിവകുപ്പ് ഡയറക്ടർ ശ്രീ. ജോർജ് അലക്സാണ്ടർ, വിലനിർണയ കമ്മീഷൻ ചെയർമാൻ ശ്രീ. രാജശേഖരൻ, സമേതി ഡയറക്ടർ ശ്രീ. ജോർജ് സെബാസ്റ്റ്യൻ കൃഷി അഡീഷണൽ ഡയറക്ടർമാർ, ഫാം ഇൻഫർമേഷൻ ബ്യൂറോ ഉദ്യോഗസ്ഥർ മറ്റു കൃഷി ഉദ്യോഗസ്ഥർ, കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാൻ കേന്ദ്ര ശാസ്ത്രജ്ഞർ മറ്റു അനുബന്ധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## സദ്ഗമയ വെള്ളായണി കാർഷിക കോളേജിൽ സംഘടിപ്പിച്ചു

വെള്ളായണി കാർഷിക കോളേജ് സഖ്യേയ വിദ്യാർത്ഥി യൂണിയന്റെ ആഭിമുഖ്യത്തിൽ സദ്ഗമയ സംഘടിപ്പിച്ചു. അതോടനുബന്ധിച്ച് പഴവങ്ങാടി ശ്രീ ചിത്ര പുവർ ഹോമിൽ നിന്നും 50 ഓളം വിദ്യാർത്ഥികൾ കാർഷിക കോളജ് സന്ദർശിച്ചു. കോവിഡ് മൂലം രണ്ട് വർഷമായി മുടങ്ങി കിടന്നിരുന്ന പരിപാടി ഡീൻ ഓഫ് ഫാക്കൽറ്റി, ഡോ. റോയ് സ്റ്റീഫൻ ഉദ്ഘാടനം ചെയ്തു. സോഷ്യൽ സർവീസ് ക്ലബ് അഡ്വൈസർ ഡോ.ഗൗരി പ്രിയ, സെക്രട്ടറി നിബിൻ, മറ്റ് യൂണിയൻ ഭാരവാഹികൾ പരിപാടിക്ക് നേതൃത്വം നൽകി.

## വെള്ളായണി കാർഷിക കോളേജിൽ ജൈവ വൈവിധ്യ സംരക്ഷണം

വെള്ളായണി കാർഷിക കോളേജിൽ ജൈവ വൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ വിളകളുടെ ജൈവ വൈവിദ്ധ്യ സംരക്ഷണവും പഠനവും ലക്ഷ്യമിടുന്നു. വംശനാശം നേരിടുന്ന നമ്മുടെ നാടിന്റെ സമ്പത്തായ വിവിധ വിളയിനങ്ങളുടെ സംരക്ഷണത്തിൽ നാട്ടുകാർക്കും പങ്കാളികളാകാം. പദ്ധതിയുടെ ഭാഗമായി വാഴ,മാവ് നെല്ല്, ചെറുധാന്യങ്ങൾ, പയറുവർഗ്ഗ വിളകൾ, കിഴങ്ങു വർഗ്ഗ വിറ്റുകൾ, പച്ചക്കറി വിളകൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയിൽ കേരളത്തിന്റെ തനതായ നാടൻ ഇനങ്ങളും, അപൂർവ ഗുണങ്ങളുള്ള ഇനങ്ങളും കൃഷി ചെയ്യുന്ന വിവരമുള്ളവർ അല്ലെങ്കിൽ അവയെക്കുറിച്ച് വിവരമുള്ളവർ താഴെ കൊടുത്തിട്ടുള്ള ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ വാട്സപ്പ് സന്ദേശം അയക്കുകയോ ചെയ്യണമെന്ന് കോളേജ് ഡീൻ അറിയിക്കുന്നു.

**ഫോൺ നമ്പർ-**

മാവ് - 9946867991
വാഴ - 9497453663
നെല്ല് - 9495817932
ചെറുധാന്യങ്ങൾ (കൂവരഗ് , ചാമ,തിനവരഗ്, മണിച്ചോളം തുടങ്ങിയവ) - 9446177109
പയറുവർഗ്ഗ വിളകൾ (വൻപയർ, ചെറുപയർ . ഉഴുന്ന്, മുതിര, തുവര തുടങ്ങിയവ) - 9446177109
കിഴങ്ങു വർഗ്ഗവിളകൾ(കപ്പ, മധുരക്കിഴങ്ങ്, കാച്ചിൽ, ചേന, ചേമ്പ് തുടങ്ങിയവ) - 9446177109.
സുഗന്ധവ്യഞ്ജനങ്ങൾ (കുടംപുളി. ജാതി ഗ്രാമ്പു കുരുമുളക്, ഇഞ്ചി) - 8547105571
പച്ചക്കറി വിളകൾ (കുറ്റിപ്പയർ, വള്ളിപ്പയർ, ചീര, തക്കാളി, വെണ്ട തുടങ്ങിയവ) - 9495974675

## കേരഫെഡ് സംസ്ഥാന സർക്കാരിന് ലാഭവിഹിതം കൈമാറി

സംസ്ഥാന കൃഷി വകുപ്പിന്റെ പൊതുമേഖല സ്ഥാപനമായ കേരഫെഡ് 180.79 ലക്ഷം രൂപ ലാഭവിഹിതം സംസ്ഥാന സർക്കാരിന് നൽകുകയുണ്ടായി. ബഹു. കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്, കേരഫെഡ് ചെയർമാൻ ശ്രീ.വി.ചാമുണ്ണി, കേരഫെഡ് വൈസ് ചെയർമാൻ ശ്രീ. കെ. ശ്രീധരൻ, മാനേജിംഗ് ഡയറക്ടർ ശ്രീ. അശോക് എന്നിവർ ചേർന്നാണ് ലാഭവിഹിതം മുഖ്യമന്ത്രിക്ക് കൈമാറിയത്.

2019-20 സാമ്പത്തിക വർഷം കേരഫെഡ് ഉത്പ്പന്നങ്ങളുടെ വിപണനത്തിലൂടെ 28893.57 ലക്ഷം


രൂപയും മറ്റിനങ്ങളിൽ 2464.42 ലക്ഷം രൂപയും ഉൾപ്പെടെ 31357.99 ലക്ഷം രൂപ വരവും 28970.18 ലക്ഷം രൂപ ചെലവും 2387.81 ലക്ഷം രൂപ മൊത്ത ലാഭവും ഉണ്ടായിട്ടുണ്ട്. ആകെ 658.25 ലക്ഷം രൂപ അറ്റ ലാഭമായി ലഭിക്കുകയുണ്ടായി. 31.03.2020 ലെ ഓഡിറ്റ് പ്രകാരമുള്ള ഈ അറ്റ ലാഭം നിയമാവലി പ്രകാരം വിഭജനം നടത്തുകയും ഓഹരി ഉടമകൾക്ക് കേരഫെഡിലുള്ള ഓഹരി മൂലധനത്തിന്റെ 5 ശതമാനം ലാഭവിഹിതം നൽകുന്നതിന് 25.03.2022 ലെ വാർഷിക പൊതുയോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാരിന് കേരഫെഡിലുള്ള ഓഹരി മൂലധനത്തിന്റെ 5 ശതമാനം തുകയായ 180.79 ലക്ഷം രൂപ ലാഭവിഹിതമായി നൽകിയത്. കൂടാതെ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന് കേരഫെഡിലെ ഓഹരി മൂലധനമായ 1728 ലക്ഷം രൂപയുടെ 5 ശതമാനമായ 86.4 ലക്ഷം രൂപയും ലാഭവിഹിതമായി നൽകുന്നതാണ്. വെളിച്ചെണ്ണ കൂടാതെ നാളികേരത്തിൽ നിന്നുമുള്ള മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങളായ ഡെസികേറ്റഡ് കോക്കനട്ടും മിൽക്ക് പൗഡറും ഹെർബൽ ഹെയർ ഓയിലായ കേരജം കേശാമൃതം, കേരഫെഡ് വിപണിയിലെത്തിക്കുന്നു.

സർക്കാർ നിർദ്ദേശ പ്രകാരം പച്ചത്തേങ്ങ സംഭരണം, സംഭരണ വിലയായ കിലോ ഗ്രാമിന് 32 രൂപ നിരക്കിൽ കർഷകരിൽ നിന്നും സംഭരിച്ചു വരുന്നു. നാളിതുവരെയായി 17024 കർഷകരിൽ നിന്നും 5769.5 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയും ആയതിന്റെ വിലയായ 1846.24 ലക്ഷം രൂപ കർഷകർക്ക് നൽകിയിട്ടുമുണ്ട്.

കേരഫെഡിന്റെ അംഗീകൃത മൂലധനം 125 കോടി രൂപയാണ്. ഇതിൽ 2019-20 വരെ വിതരണം ചെയ്ത ഓഹരി മൂലധനം 54.65 കോടി രൂപയാണ്. ആയതിൽ 36.15 കോടി രൂപ സംസ്ഥാന സർക്കാരിന്റേയും 17.28 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റേയും 1.22 കോടി രൂപ മറ്റ് അംഗ സംഘങ്ങളുടേയും ഓഹരി മൂലധനമാണ്.

# 'വിറ്റാമിനുകളുടെ കഥ' പ്രകാശനം ചെയ്തു

ഫാം ഇൻഫർമേഷൻ ബ്യൂറോ മുൻ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ശ്രീ. സുരേഷ് മുതുകളം രചിച്ച 'വിറ്റാമിനുകളുടെ കഥ' എന്ന ശാസ്ത്രകൃതി ,സംസ്ഥാന ഇലക്ഷൻ കമ്മീഷണർ ശ്രീ.എ.ഷാജഹാൻ ഐ.എ.എസ്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ. പള്ളിയറ ശ്രീധരന് ആദ്യപ്രതി നൽകി ഇന്ന് തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു. തിരുവനന്തപുരത്തെ ശ്രേഷ്ഠ ബുക്സാണ് പ്രസാധകർ.



# കുളമ്പുരോഗ പ്രതിരോധ കുത്തിവെപ്പ് മൂന്നാംഘട്ടം ജില്ലയിൽ ആരംഭിച്ചു

മൃഗസംരക്ഷണ വകുപ്പിൻറെ നേതൃത്വത്തിൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കന്നുകാലികളിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവെപ്പിന്റെ മൂന്നാം ഘട്ടം ജില്ലയിൽ ആരംഭിച്ചു. മലയിൻകീഴ് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. എ. വത്സലകുമാരിയുടെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ വച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വക്കറ്റ് ഡി സുരേഷ് കുമാർ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വിളപ്പിൽ രാധാകൃഷ്ണൻ, ചീഫ് വെറ്ററിനറി ഓഫീസർ ഡോ. കെ സി പ്രസാദ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. ഡിസംബർ എട്ടാം തീയതി വരെനീണ്ടുനിൽക്കുന്ന പ്രസ്തുത കുത്തിവെപ്പ് യജ്ഞത്തിൽ വാക്സിനേഷൻ സ്ക്വാഡുകൾ കർഷകരുടെ വീട്ടുപടിക്കലെത്തി പശുക്കൾക്കും എരുമകൾക്കും പ്രതിരോധ കുത്തിവെപ്പ് നൽകും.



# പച്ചത്തേങ്ങ സംഭരണത്തിന് കൂടുതൽ കേന്ദ്രങ്ങൾ: കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്

സംസ്ഥാനത്ത് നിലവിലെ പച്ചതേങ്ങ സംഭരണ കേന്ദ്രങ്ങൾക്ക് പുറമേ നൂറോളം പുതിയ കേന്ദ്രങ്ങൾ കൂടി അനുവദിച്ചതോടെ 150 ഓളം സംഭരണ കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തനക്ഷമമാകുമെന്ന് കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്. നിലവിൽ കേരഫെഡ്, അംഗീകൃത സൊസൈറ്റികൾ, വി എഫ് പി സി കെ എന്നിവർ മുഖേനയാണ് സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണം നടന്നുവരുന്നത്. കഴിഞ്ഞയാഴ്ച പച്ചതേങ്ങ സംഭരണത്തിന്റെ പരിധിയും സർക്കാർ വർധിപ്പിച്ചിരുന്നു. അത് പ്രകാരം പ്രതിവർഷം ഒരു തെങ്ങിൽ നിന്നും സംഭരിക്കാവുന്ന തേങ്ങകളുടെ എണ്ണം അൻപതിൽ നിന്നും എഴുപതായി.

സംഭരണത്തിനായി കർഷകർക്ക് അതാത് ജില്ലകളിലെ സംഭരണ കേന്ദ്രങ്ങളിൽ രേഖകളുമായി സമീപിക്കാവുന്നതാണ്. ബന്ധപ്പെട്ട കൃഷിഭവനിലെ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്, നികുതി രസീത്, ബാങ്ക് പാസ് ബുക്ക്, ആധാർ എന്നിവയുടെ പകർപ്പുമായി സംഭരണ കേന്ദ്രത്തിൽ കർഷകർക്ക് രജിസ്റ്റർ ചെയ്യാം.

കേരഫെഡ് അഞ്ച് ജില്ലകളിൽ നേരിട്ട് പച്ചത്തേങ്ങ സംഭരണം നടത്തുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നിവിടങ്ങളിലാണ് കേരഫെഡിന്റെ സംഭരണ കേന്ദ്രങ്ങളുള്ളത്. കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ തിരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനികൾ, കാർഷക കർമ്മസേനകൾ, മറ്റ് ഏജൻസികൾ എന്നിവ മുഖേനയും സംഭരണം നടത്തുന്നുണ്ട്. കേരഫെഡ് നേരിട്ടും മറ്റ് സഹകരണ സംഘങ്ങൾ വഴിയും ഇതുവരെ 741.38 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരണം നടത്തിയിട്ടുണ്ട്. ഇതു കൂടാതെ നാലു ജില്ലകളിൽ വി എഫ്പി സി കെ യുടെ സ്വാശ്രയ കർഷക സംഘങ്ങളും സംഭരണം നടത്തുന്നുണ്ട്. നാളിതുവരെ വി എഫ് പി സി കെ മുഖേന 4416.9 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരണവും നടത്തിയിട്ടുണ്ട്. ഈ സംഭരണ കേന്ദ്രങ്ങൾക്ക് പുറമേയാണ് കർഷകരുടെ ആവശ്യപ്രകാരം പുതുതായി നൂറോളം സംഭരണ കേന്ദ്രങ്ങൾ കൂടി ആരംഭിക്കുവാൻ തീരുമാനമായിട്ടുള്ളത്. ഇത് പ്രകാരം തൃശ്ശൂർ ജില്ലയിൽ ഇരുപത്തെട്ടും, മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ഇരുപത്തിനാല് വീതവും, കണ്ണൂർ ജില്ലയിൽ പതിമൂന്നും, കാസർകോട് ജില്ലയിൽ ആറും, തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഓരോന്ന് വീതവും, കൂടാതെ വി.എഫ്.പി.സി.കെ യുടെ പതിനൊന്ന് മൊബൈൽ സംഭരണ കേന്ദ്രങ്ങളിലുമായാണ് പച്ചത്തേങ്ങ സംഭരിക്കാൻ അനുവദിച്ചിട്ടുള്ളത്.

ഒരു കിലോ മുപ്പത്തിരണ്ട് രൂപ നിരക്കിലാണ് കൃഷിവകുപ്പ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. സംഭരണം കൂടുതൽ ഊർജ്ജിതമാക്കുവാൻ വിപുലമായ നടപടികൾ ഉണ്ടാകുമെന്നും മന്ത്രി സൂചിപ്പിച്ചു. പച്ചത്തേങ്ങ സംഭരണം സംബന്ധിച്ച സംശയനിവാരണത്തിനായി കർഷകർക്ക് അതാത് കൃഷിഭവനുമായി ബന്ധപ്പെടാവുന്നതാണ്.



## കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ പരിശീലനം നടത്തുന്നു

കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ സംസ്ഥാനത്തെ ഓരോ ജില്ലകളിൽ നിന്നും തൊഴിൽ രഹിതരായ ITI/VHSE (Automobile Engineering/Diesel Mechanic/ Mechanic Agriculture Machinery/ Mechanical Servicing and Agro Machinery/ Farm Power Engineering /Mechanic Tractor) എന്നീ ട്രേഡിൽ കോഴ്സ് പാസായവരിൽ നിന്നും തെരഞ്ഞെടുക്കുന്ന 20 പേർക്ക് കാർഷിക യന്ത്ര പ്രവർത്തനം, അറ്റകുറ്റപ്പണി എന്നിവയിൽ 20 ദിവസത്തെ പരിശീലനം നടത്തുന്നു. പ്രായ പരിധി: 18-35 വയസ്സ്. താല്പര്യമുള്ളവർ 2022 ഡിസംബർ അഞ്ചിന് വൈകിട്ട് 5 മണിക്ക് മുൻപായി കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷന്റെ spokksasc1@gmail.com എന്ന ഈമെയിൽ അഡ്രസ്സിൽ അപേക്ഷകൾ അയച്ച് തരേണ്ടതാണ്. അപേക്ഷാ ഫോറവും കൂടുതൽ വിവരങ്ങളും മിഷന്റെ 8281200673 നമ്പർ വാട്സാപ്പിലൂടെ അല്ലെങ്കിൽ ഈമെയിൽ വഴി ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

# കൃഷിദർശൻ ഇനി നെടുമങ്ങാട് ബ്ലോക്കിൽ ബ്ലോക്കിലെ കർഷകരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാം

ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ എന്ന പരിപാടി തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുകയാണ്. പ്രസ്തുത പദ്ധതി തിരുവനന്തപുരം നെടുമങ്ങാട് ബ്ലോക്കിൽ 2023 ജനുവരി മാസത്തിൽ കറിക്കുകയാണ്.

പരിപാടിക്ക് മുന്നോടിയായി ബ്ലോക്കിലെ കർഷകർക്ക് അവരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൃഷിവകുപ്പിന്റെ എയിംസ് (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ മാനേജ്മെന്റ് സിസ്റ്റം) പോർട്ടലിന്റെ പുതിയ പതിപ്പിലൂടെയാണ് കർഷകർ പരാതികൾ സമർപ്പിക്കേണ്ടത്. 2022 നവംബർ 1 മുതൽ 10 വരെയാണ് പരാതികൾ ഓൺലൈനായി സമർപ്പിക്കേണ്ടത്. എഴുതി തയ്യാറാക്കിയ പരാതികൾ ഓൺലൈനായി അപ്‌ലോഡും ചെയ്യാവുന്നതാണ്. നെടുമങ്ങാട് ബ്ലോക്കിലെ കർഷകർക്ക് നേരിട്ടോ, അതത് കൃഷിഭവനുകൾ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്.

### കർഷകർ പരാതി സമർപ്പിക്കേണ്ടുന്ന വിധം

കർഷകർക്ക് ഓൺലൈനായി പരാതി സമർപ്പിക്കാം.

പരാതികൾ സമർപ്പിക്കുന്നതിനായി കൃഷിവകുപ്പിന്റെ AIMS പോർട്ടലിൽ കർഷകർ ലോഗിൻ ചെയ്യേണ്ടതുണ്ട്. കർഷകർ www.aims.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് AIMS New Services എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന പേജിൽ ലോഗിൻ ബട്ടണിൽ ക്ലിക്ക് ചെയ്ത് ഐ.ഡി, പാസ്‌വേഡ് എന്നിവ നൽകി ലോഗിൻ ചെയ്യാവുന്നതാണ്. ഐഡി, പാസ്‌വേഡ് എന്നിവ ലഭ്യമല്ലാത്ത കർഷകർക്ക് സ്വന്തം ആധാർ നമ്പർ, മൊബൈൽ നമ്പർ എന്നിവ ഉപയോഗിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്ന താണ്. www.aimsnew.kerala.gov.in എന്ന വെബ് അഡ്രസ്സ് വഴിയും ഈ പോർട്ടലിൽ ലോഗിൻ ചെയ്യാവുന്നതാണ്.

കർഷകർ ലോഗിൻ ചെയ്ത ശേഷം ഡാഷ്ബോർഡിലെ 'MY LAND' എന്ന ഭാഗത്ത് കൃഷി ചെയ്യുന്ന ഭൂമിയുടെ വിവരങ്ങൾ ചേർക്കേണ്ടതുണ്ട്. ബന്ധപ്പെട്ട കൃഷിഭവൻ, പരാതികൾ പരിശോധിക്കേണ്ട ഉദ്യോഗസ്ഥർ എന്നിവരെ സോഫ്റ്റ്‌വെയർ തെരഞ്ഞെടുക്കുന്നതിനായാണ് കൃഷിഭൂമി വിവരങ്ങൾ ചേർക്കുന്നത്. കരം രസീത്/ പാട്ട ചീട്ട് അപ്‌ലോഡ് ചെയ്യേണ്ടതില്ല.

തുടർന്ന് APPLY New Service എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് പരാതി ബന്ധപ്പെട്ട കൃഷിഭവനിലേക്ക് സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ സമർപ്പിക്കുന്ന പരാതിക്ക് ഓൺലൈനായി അപേക്ഷ നമ്പർ നൽകുന്നതും പരാതിയുടെ തൽസ്ഥിതി വിവരങ്ങൾ ഓൺലൈനായി കർഷകന് മനസ്സിലാക്കുവാനും സാധിക്കും. പരാതിയുടെ പകർപ്പ് കർഷകന് പ്രിന്റ് എടുത്തു സൂക്ഷിക്കുന്നതിനും പോർട്ടലിൽ സൗകര്യമുണ്ട്. എഴുതിത്തയ്യാറാക്കിയ പരാതികളോ പരാതികൾ സംബന്ധിച്ച ചിത്രങ്ങളോ കർഷകർക്ക് പരാതിയുടെ ഭാഗമായി അപ്‌ലോഡ് ചെയ്യാവുന്നതാണ്.

കർഷകർക്ക് എഴുതിത്തയ്യാറാക്കിയ പരാതി അതത് കൃഷിഭവനുകളിൽ നേരിട്ട് സമർപ്പിക്കാം.

എഴുതി തയ്യാറാക്കിയ പരാതികൾ കർഷകർക്ക് കൃഷിഭവനിൽ നേരിൽ സമർപ്പിക്കുവാനും സാധിക്കും. AIMS രജിസ്ട്രേഷൻ ഇല്ലാത്ത കർഷകർ കൃഷിഭവനിൽ പരാതി സമർപ്പിക്കുന്ന പക്ഷം ആധാർ, മൊബൈൽ വിവരങ്ങൾ കൂടെ നൽകി രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്.

നെടുമങ്ങാട് ബ്ലോക്കിൽ നടത്തുന്ന കൃഷിദർശൻ പരിപാടിയുടെ ഭാഗമായി നെടുമങ്ങാട് ബ്ലോക്കിന് കീഴിലെ പഞ്ചായത്തുകളിലെ കർഷകർക്കാണ് പരാതികൾ സമർപ്പിക്കുവാൻ സാധിക്കുന്നത്.

നെടുമങ്ങാട് ബ്ലോക്ക് പരിധിയിലെ കൃഷിഭവനുകൾ

1. കടപ്പനക്കുന്ന്.
2. വട്ടിയൂർക്കാവ്
3. കരകുളം
4. അരുവിക്കര
5. ആനാട്
6. വെമ്പായം
7. നെടുമങ്ങാട് മുനിസിപ്പാലിറ്റി
8. പനവൂർ

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sunilkumar R., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Saritha Vijayan., Design & Layout : Maya Santhosh